"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OP(KAT) No. 279/ 2019 നമ്പർ കേസിലെ 14.07.2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.871/2023/LSGD തീയതി,തിരുവനന്തപുരം, 13-04-2023

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 501/2005/ധന തീയതി 25.11.2005
2. പുറമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.08.2006 തീയതിയിലെ C5 231/06(1) നമ്പർ ഉത്തരവ്
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ TA-6168/2012 നമ്പർ കേസിലെ (WP(C)No.7900/2009) 16.07.2018 തിയതിയിലെ ഉത്തരവ്.
   സ.ഉ(പി) നം. 58/2018/ധന തീയതി 10.04.2018
4. 
   ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OP(KAT) No. 279/ 2019 നമ്പർ കേസിലെ 14.07.2022 തീയതിയിലെ വിധിന്യായം
5. 
6. 
   പഞ്ചായത്ത് ഡയറക്ടറുടെ 29.12.2022 ലെ പാൻ/15314/2022-ഇ9(ഡിപി) നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവിലൂടെ സർക്കാർ ഓഫീസുകളിൽ പി.ടി.എസ് തസ്തികകളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിലവിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്ത് വരുന്ന യോഗ്യതയുള്ളവരെ ക്രമവൽക്കരിക്കുന്നതിന് അനുവദിക്കുകയുണ്ടായി. പിന്നീട് 08/06/2006 തീയതിയിലെ മറ്റൊരു ഉത്തരവിലൂടെ 25.11.2005 തീയതിയിലെ സർക്കാർ ഉത്തരവ് വിവിധ പഞ്ചായത്തുകളിൽ ജോലി ചെയ്ത് വരുന്ന കാഷ്വൽ സ്വീപ്പേഴ്സിനും കൂടി ബാധകമാക്കുകയും 09/09/2005 തീയതി വരെ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തിരുന്ന എല്ലാവർക്കും 25/11/2005 ലെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഇത്തരത്തിലുള്ള ക്രമവൽക്കരണത്തിന്റെ പ്രയോജനം ലഭിക്കുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കുകയും ചെയ്തിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ കണക്കാക്കിയ സ്വീപ്പിങ് ഏര്യ പ്രകാരം പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിടവും മാർക്കറ്റും ഉൾപ്പെടെ 1125.05 ച.മീ. ഏര്യ ശുചീകരിക്കുന്നതിനായി ശ്രീമതി പി.കെ.സരോജിനിയെയും പുറമറ്റം ജംഗ്ഷനും വെണ്ണിക്കുളം ജംഗ്ഷനും ഉൾപ്പെടെ 797 ച.മീ ഏര്യ ശുചീകരിക്കുന്നതിനായി ശ്രീ കെ.ജി രവിയെയും ചുമതലപ്പെടുത്തിയിരുന്നു. പുറമറ്റം ഗ്രാമപഞ്ചായത്തിൽ 20.07.1996 തീയതി മുതൽ ശ്രീമതി. പി.കെ സരോജിനിയും 01/07/2001 തീയതി മുതൽ ശ്രീ.കെ.ജി രവിയും കാഷ്വൽ സ്വീപ്പർമാരായി തുടർച്ചയായി ജോലി ചെയ്തുവരുന്നു. ശ്രീമതി പി.കെ സരോജിനിയേയും ശ്രീ.കെ.ജി രവിയേയും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിലൂടെ സേവനം ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി . എന്നാൽ ടി ഉത്തരവിന് ശേഷം ശമ്പള കുടിശ്ശിക അല്ലാതെ പി.എഫ്, ഏൺഡ് ലീവ് സറണ്ടർ തുടങ്ങിയ യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കാതിരുന്നതിനെ തുടർന്ന് ഇവർ ബഹു ഹൈക്കോടതി മുമ്പാകെ 7900/2009 നമ്പരായി മറ്റൊരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും

ബഹു.ഹൈക്കോടതി ടി വിഷയം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് കൈമാറുകയും ഉണ്ടായി ( TA 6168/2012).

2. ടി രണ്ട് ജീവനക്കാരുടേയും സേവനം 11/08/2006 തീയതിയിൽ പഞ്ചായത്ത് ക്രമവൽക്കരിച്ചിട്ടുള്ളതാണെന്ന ബഹു.ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനെതിരെ ഇവരെ ക്രമവൽക്കരിക്കുന്നതിനായി തസ്തികകളൊന്നും തന്നെയും സൃഷ്ടിച്ചിട്ടില്ല എന്നും അധികാരപ്പെട്ട അംഗീകൃത സ്ഥാപനം ഇവരുടെ സ്വീപ്പിംഗ് ഏരിയ കൃത്യമായി നിർണ്ണയിച്ചിട്ടില്ലെന്നും 11/08/2006 തീയതിയിലെ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ സെക്രട്ടറിയ്ക്ക് അധികാരമില്ലെന്നും തടസ്സവാദമുന്നയിച്ചതിനെ തുടർന്ന്, TA 6168/2012 നമ്പർ കേസിൽ പരാമർശം (3) ഉത്തരവ് പ്രകാരം ടി രണ്ട് പി.റ്റി.എസ് തസ്തിക സൃഷ്ടിക്കുന്നതിനനുസൃതമായ സ്വീപ്പിംഗ് ഏരിയ പുറമറ്റം ഗ്രാമപഞ്ചായത്തിനുള്ള പക്ഷം ഇവരുടെ സേവനം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് നാല് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു.ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.07.2018 ലെ ഉത്തരവിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്ക് പുറമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/11/2018 തീയതിയിലെ സി1/3268/2018 നം കത്ത് പ്രകാരം ലഭ്യമാക്കിയ അപേക്ഷയും അനുബന്ധരേഖകളും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി സരോജിനി ഓഫീസ് സ്വീപ്പറായും ശ്രീ കെ.ജി.രവി റോഡ്/മാർക്കറ്റ് സ്വീപ്പറായുമാണ് ജോലി ചെയ്ത് വരുന്നത്. ശ്രീമതി. പി.കെ. സരോജിനിയെയും ശ്രീ കെ.ജി.രവിയെയും പരാമർശം (1) ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിച്ച്, പഞ്ചായത്തിന്റെ തീരുമാനപ്രകാരം മുൻകാലപ്രാബല്യത്തോടെ നിയമനം നൽകുന്നത് നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാൽ വിധിന്യായത്തിനെതിരെ സർക്കാർ OP(KAT)No.279/2019 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി. മേൽ കേസിൽ 14.07.2022 ലെ ഉത്തരവ് പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

" As pointed out by the learned Government Pleader,the total sweeping area determined in relation to the respondents/applicants include certain areas which are not expressly covered by t he Government orders in question. Thus,it deem it appropriate to allow this OP KAT -to the limited extent of vacating the last direction of the Tribunal that requires the Government to take necessary action for regularisation of the service of the respondents/applicants and to complete the said exercise within a period of four months granted by the Tribunal. Instead, we direct the Government to complete the exercise of verification of the sweeping area in relation to each of the respondents/applicants and take a decision in the light of the Government Orders of 2005 and 2006 referred above, and thereafter take a decision with regard to regularization of the services of the respondents/applicants.

The Government shall pass orders as aforesaid within a period of three months after hearing the petitioners and the Panchayath, and considering their objections, if any, to the proposals of the Government."

4. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറമറ്റം ഗ്രാമപഞ്ചായത്തിലെ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി. പി.കെ. സരോജിനിയെയും ശ്രീ കെ.ജി.രവിയെയും സ്ഥിരപ്പെടുത്തുന്നതിനായി പുറമറ്റം ഗ്രാമപഞ്ചായത്ത് ഓഫീസിന്റേയും അനുബന്ധ കെട്ടിടത്തിന്റെയും പി.ഡബ്ളിയു..ഡി അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിംഗ് ഏരിയ സർട്ടിഫിക്കറ്റ്, പഞ്ചായത്ത് കമ്മിറ്റി അനുകൂല

തീരുമാനം എന്നിവ അനുബന്ധരേഖകൾ സഹിതം സർക്കാരിന്റെ പരിഗണനയ്ക്കായി പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. സ്വീപ്പിംഗ് ഏരിയ തിട്ടപ്പെടുത്തിയതിൽ വന്ന പിഴവ് മൂലമാണ് രണ്ടു കാഷ്വൽ സ്വീപ്പർമാരുടെ നിയമനം ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതെന്നും എന്നാൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയറുടെ 16/12/2022 ലെ സർട്ടിഫിക്കറ്റ് പ്രകാരം 343.95 ച.സ്ക്വ.മീറ്റർ സ്വീപ്പിംഗ് ഏരിയ മാത്രമേ പുറമറ്റം ഗ്രാമപഞ്ചായത്ത് ഓഫീസ് അനുബന്ധ കെട്ടിടങ്ങളിലായി നിലവിലുള്ളൂ എന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ രണ്ടു പേരുടെ നിയമനം ക്രമവൽക്കരിച്ച് നല്കുന്നതിനായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലിൽ വന്ന പിശക് പരിഹരിക്കുന്നതിനായി പുറമറ്റം ഗ്രാമപഞ്ചായത്ത് അടിയന്തിര കമ്മിറ്റി കൂടുകയും പുറമറ്റം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അനുബന്ധ കെട്ടിടങ്ങളുടെ കാഷ്വൽ സ്വീപ്പറായി ഒരു തസ്തിക മാത്രം സൃഷ്ടിച്ച് ശ്രീമതി പി.കെ സരോജിനി എന്നയാളെ ഓഫീസ് സ്വീപ്പറായി നിയമിക്കുന്നതിനും, റോഡ് സ്വീപ്പറായി മറ്റൊരു തസ്തിക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് സൃഷ്ടിച്ച് ശ്രീ.കെ.ജി രവി എന്നയാളെ നിയമിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് യോഗം ഐകകണ്ഠേന തീരുമാനിക്കുകയുണ്ടായിയെന്നും ടി കമ്മിറ്റി തീരുമാനം തുടർ നടപടികൾക്കായി ലഭ്യമാക്കുകയുമുണ്ടായി.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശാനുസരണം പരാതിക്കാരെ 30.12.2022 ന് നേരിൽ കേൾക്കുകയുണ്ടായി. 20.07.1996 തീയതി മുതൽ 26 വർഷമായി തുടർച്ചയായി പുറമറ്റം ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തു വരുന്നതായി ശ്രീമതി. പി.കെ സരോജിനിയും 01/07/2001 തീയതി മുതൽ 21 വർഷമായി റോഡ് സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തു വരുന്നതായി ശ്രീ.കെ.ജി രവിയും അറിയിച്ചു. ദിവസവേതനമല്ലാതെ മറ്റ് യാതൊരു ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലായെന്നും പ്രസ്തുത ജോലി നഷ്ടപ്പെട്ടാൽ വേറെ യാതൊരു മാർഗ്ഗവുമില്ലായെന്നും തങ്ങളെ സ്ഥിരപ്പെടുത്തണമെന്നും ഇരുവരും അഭ്യർത്ഥിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് അനുസരിച്ച് 800 ച . മീ വരെ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്കാണ് അർഹത ഉള്ളത്. മാത്രമല്ല റോഡ് സ്വീപ്പർ എന്ന തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് ഈ ഉത്തരവിന്റെ പരിധിയിൽ വരുന്ന വിഷയവുമല്ല. ശ്രീമതി. പി.കെ സരോജിനി 20.07.1996 തീയതി മുതൽ പുറമറ്റം ഗ്രാമപഞ്ചായത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരികയാണ് എന്ന വസ്തുത കണക്കിലെടുത്തും ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ സ്വീപ്പിങ്ങ് ഏരിയ നിലവിൽ ഉണ്ട് എന്നതിനാലും പുറമറ്റം ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, ശ്രീമതി. പി.കെ സരോജിനിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. 10/04/2018 തിയ്യതിയിലെ സ.ഉ. (പി) നം 58 /2018/ധന ഉത്തരവ് പ്രകാരം യാതൊരു കാരണവശാലും മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്താൻ അനുമതി നല്കാൻ പാടുള്ളതല്ല.

7. ശ്രീ. കെ.ജി.രവി, പുറമറ്റം ഗ്രാമപഞ്ചായത്തിൽ 21 വർഷമായി റോഡ് സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തു വരുന്ന വസ്തുത പരിഗണിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

8. പരാമർശം (5) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി .പി.കെ സരോജിനി (സെക്രട്ടറി , പുറമറ്റം ഗ്രാമപഞ്ചായത്ത് , പത്തനംതിട്ട മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, പുറമറ്റം ഗ്രാമപഞ്ചായത്ത് , പത്തനംതിട്ട ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/85/2016/LSGD)/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 13-04-2023 14:13:35